EPARCHY OF KALYAN
TO LIVE IN JESUS TO LEAD TO JESUS

Vol. 03 | Issue 03

YOUR WORD IS A LAMP TO MY FEET AND A LIGHT TO MY PATH

# THE LANTERN

DECEMBER 2014



A MAGAZINE FROM DIOCESE OF KALYAN
(Private circulation only)
VOL. 03 I ISSUE 03 I DECEMBER, 2014
THE LANTERN




# ഉണ്ണിയിൽ നിന്ന് സാന്താക്ലോസ്സിലേക്ക്

## എന്താണ് വിശ്വാസം?

## Living Catholic Faith in Cosmopolitan City

## അമ്മ

## വിശ്വാസത്തണലിൽ




CHRISTIAN FAMILY

**James Manalody**, Powai
First prize, Lantern Cartoon Competition

EDITORIAL
HOLY QURBANA
KIDS CORNER
DIOCESAN NEWS
GODS OWN CHOICE

# തിരുപ്പിറവിയുടെ സ്നേഹക്കനൽ

സൂര്യന്റെ പൊൻ കിരണങ്ങൾ കണ്ടുണരുന്ന പ്രകൃതിയുടെ താളത്തുടിപ്പ് മനുഷ്യമനസ്സിൽ നിർഗളിപ്പിക്കുന്ന കുളിർമ വളരെ വലുതാണ്. ഓരോ സുപ്രഭാതങ്ങളും പുതുമയാണ്, പ്രകാശമാനമാണ്.

നിലത്തുവീണ വിത്തിൽ നിന്ന് പുതുജീവൻ ഉണർത്തെഴുന്നേൽക്കുന്നു. തളിർത്തു നിൽക്കുന്ന പൊൻകതിരുകൾക്ക് പുത്തൻ ഉണർവു ലഭിക്കുന്നു. ഒരു പുതിയ പ്രഭാതം പിറവിയെടുക്കുന്ന പോലെ നിലത്തു വീണ വിത്തിൽ നിന്ന് പുതുജീവൻ നിർഗളിക്കുന്നതുപോലെ ഡിസംബർ മാസം തിരുപ്പിറവിയുടെ ഉണർത്തുപാട്ടാണ്.

2000 വർഷങ്ങൾക്കുമുമ്പ് കിഴക്കു കണ്ട താരദീപത്തെ അനുധാവനം ചെയ്ത് കുളിർമ പെയ്യുന്ന രാത്രിയിൽ തിരുപ്പിറവിയെടുത്ത ബദ്‌ലേഹം പുൽക്കൂടിനു മുൻപിൽ മൂന്നു രാജാക്കൻമാർ എത്തിയപ്പോൾ പൊന്നുണ്ണി പ്രഭതൂകി പുഞ്ചിരിച്ചു. തിരുപ്പിറവി പുതുജീവനേകി.

കാലിത്തൊഴുത്തിൽ പിറന്ന ത്യാഗത്തിന്റെ മൂർത്തിഭാവമായ രാജാവിനെകണ്ടപ്പോൾ അവർ അമ്പരന്നു. തിരുപ്പിറവിയുടെ പുതുമ അവർ അനുഭവിച്ചു. ഭൂമിയിൽ പിറവിയെടുത്ത ദൈവത്തെ സ്വീകരിച്ച് ഹൃദയത്തിൽ സ്നേഹവും പേറിക്കൊണ്ട് അവർ തിരിച്ചു നടന്നു. ലോകത്തിന് സ്നേഹം പകരുവാൻ.

ലോകത്തിലേക്കു വന്ന സ്നേഹരാജാവിന്റെ പിറവിത്തിരുന്നാൾ ആഘോഷിക്കുവാൻ പൂജ്യരാജാക്കന്മാരെപ്പോലെ മാമരം കോച്ചുന്ന തണുപ്പിൽ ഇറങ്ങിത്തിരിക്കണം. ഉണ്ണിയെ സ്വന്തമാക്കാൻ. കാലിത്തൊഴുത്തിൽ ഭൂജാതനായ പൊന്നുണ്ണി നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുമാറ് സ്നേഹക്കനൽ നിറക്കും. പൊന്നുണ്ണി കത്തിച്ചു തന്ന സ്നേഹക്കനൽ എന്നുമെന്നും കത്തിജ്വലിക്കട്ടെ, പ്രഭതൂകട്ടെ.

ക്രിസ്തുമസ്സ് ആശംസകൾ

PATRON | Bishop Mar Thomas Elavanal
CHAIRMAN | Msgr. Jacob Porathur
CHIEF EDITOR | Fr. Sheen Chittatukara
ASSOCIATE EDITOR | Fr. Sinto Chalissery

EDITORIAL BOARD | Dr. Francis Eluvathingal | Dr. Emmanuel Kadankavil
Fr. Benny Thanninilkumthadathil | Fr. Liju Keetickal
Mrs. Rosily Thomas | Ms. Suja Johny
Mr. Biju Dominic | Dr. C.P. Johnson | Mr. Roy J. Kottaram
Mr. Babu Mathew | Mr. Joseph Chittilapilly

MARKETING MANAGERS | Fr. Lijo Mullonkal
Mr. Roy Philip
CIRCULATION MANAGER | Fr. Francis Komban
DESIGN & PAGE LAYOUT | Mr. Josemon Vazhayil

THE LANTERN | Diocese of Kalyan, Plot No. B/38, P.B. No. 8434, IIT P.O., Powai Mumbai, Maharashtra, India - 400076. Tel.(+91) (022) 2578 5515, 2578 2385
E-mail: kalyanbulletin@gmail.com • kalyanlantern@gmail.com | Website: www.dioceseofkalyan.org | Matrimonial website: www.godsownchoice.com



# ഉണ്ണിയിൽ നിന്ന് സാന്താക്ലോസ്സിലേക്ക്

എന്റെ ബാല്യനാളിൽ ക്രിസ്തുമസ്സിന്റെ ആകർഷണകേന്ദ്രം പുൽക്കൂട്ടിലെ ഉണ്ണിയേശു ആയിരുന്നു. തുമ്പോലയും വൈക്കോലും ചേർത്തുണ്ടാക്കുന്ന പുൽക്കൂട്ടിലെ പൈതൽ. ലാളിത്യത്തിന്റെയും വിനയത്തിന്റെയും ദൈവമായി അവൻ ഞങ്ങളുടെ ഹൃദയതൊട്ടിലുകളിൽ കിടന്ന് വളർന്നു. എന്നാൽ, ദശാബ്ദങ്ങൾ പിന്നിട്ടതോടെ ക്രിസ്തുമസ്സ് ആഘോഷങ്ങളുടെ ഭ്രമണാക്ഷം മാറിയിരിക്കുന്നു. ഇന്ന് പുൽക്കൂടുകളല്ല ക്രിസ്തുമസ്സ് ലാന്റുകളും സാന്താക്ലോസ്സ് റാലികളുമാണ് പിറവിയാഘോഷങ്ങളുടെ മർമ്മങ്ങൾ.

ചരിത്രത്തിന്റെയും ഫോക്ക്‌ലോറിന്റെയും സങ്കരസൃഷ്ടിയാണ് സാന്താക്ലോസ്സ്. ഗ്രീക്കുമെത്രാനായിരുന്ന വിശുദ്ധ നിക്കളാവോസിനോടൊപ്പം ജർമ്മനി, ഹോളണ്ട്, സ്കാൻഡിനേവിയ, ഇംഗ്ലണ്ട് തുടങ്ങിയ നാടുകളിൽ നിലനിന്നിരുന്ന പാപ്പസങ്കല്പങ്ങളും ചേർത്തുവന്നപ്പോഴുണ്ടായതാണ് ഇന്നത്തെ സാന്താക്ലോസ്സ്. മാർക്കറ്റ് നിയന്ത്രിക്കുന്ന അധുനാതനസംസ്കാരം കാലിത്തൊഴുത്തിലെ യേശുവിനെ നമസ്കരിച്ച് സമ്മാനങ്ങൾ നല്കുന്ന സാന്താക്ലോസ്സിനെ സ്വീകരിച്ചതിൽ അതിശയിക്കാനില്ല.

മനുഷ്യാവതാരത്തിന്റെ പൊരുൾ ശൂന്യവത്ക്കരണമായിരുന്നു. തത്പ്രാഭവം വെടിഞ്ഞ് മനുഷ്യന്റെ ചെറുപ്പങ്ങളിലേക്കു ദൈവം സ്വയം താഴ്ന്നു വന്ന അത്ഭുതം. കാലിത്തൊഴുത്തിലേയ്ക്കുള്ള ആ ഇറങ്ങിവരവ് മനുഷ്യന്റെ ഇല്ലായ്മകളിലേക്കുള്ള വളർച്ചയായിരുന്നിരിക്കണം ദൈവത്തിന്. ഈയർത്ഥത്തിൽ ഓരോ ക്രിസ്തുമസ്സിനും മരണത്തിന്റെ മണമുണ്ട്. ദൈവത്തിന്റെ ചെറുമയാകൽ പ്രക്രിയ സ്വാർത്ഥതയിൽ നിന്ന് പുറത്തുകടക്കാനുള്ള നോമ്പുകാല ആഹ്വാനമായിത്തീർന്നത് ഈ ആത്മബലിയുടെ സുകൃതം കൊണ്ടാണ്.

എന്നാൽ സമകാലികസംസ്കാരം കച്ചവടബന്ധിതമായതോടെ ആത്മീയാഘോഷങ്ങളെ സാംസ്കാരികോത്സവങ്ങളാക്കുന്ന പ്രലോഭനങ്ങൾക്കു മതങ്ങൾ നിർഭാഗ്യവശാൽ അടിമപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദൈവപുത്രന്റെ ആഗമനത്തെ വർഷാന്ത്യത്തിലെ



**നമ്മുടെയിടയിൽ വ്യക്തിയായി വസിക്കാൻ വന്നവനെ വസ്തുവാക്കി ക്രയവിക്രയം ചെയ്യുന്നു നമ്മൾ.**

ലാഭകൊയ്ത്താക്കി മാറ്റാനാണ് കോർപ്പറേറ്റുകൾ ശ്രമിക്കുന്നത്. മീഡിയായിലൂടെ കിട്ടുന്ന പരസ്യവും ആൾക്കൂട്ടത്തിന്റെ ആവേശവും കാണുമ്പോൾ ഉൾക്കരുത്തില്ലാത്തവർ ആ പ്രലോഭനത്തിൽ വീണു പോകുന്നു. ഫലമോ? ഉണ്ണീശോ കമ്പോളത്തിലെ ഉല്പന്നമായി അധ:പതിക്കുന്നു. നമ്മുടെയിടയിൽ വ്യക്തിയായി വസിക്കാൻ വന്നവനെ വസ്തുവാക്കി ക്രയവിക്രയം ചെയ്യുന്നു നമ്മൾ. സമ്മാനങ്ങളിലും ലാന്റുകളിലും, റാലികളിലും ചുറ്റിത്തിരിയുന്ന ക്രിസ്തുമസ്സ് ആഘോഷങ്ങൾ മനുഷ്യന്റെ ആഗ്രഹങ്ങളെ സ്വാർത്ഥമാക്കുന്നു; ലൗകികമാക്കുന്നു.

ഫ്രാൻസിലെ ചിന്തകനും ഫോട്ടോഗ്രാഫറുമായിരുന്ന ഷോൺ ബോദ്രിയാർ ക്രിസ്തുമസ്സ് സന്ദേശം അവതരിപ്പിക്കാൻ ഒരിക്കൽ ഓർത്തെടുത്ത സംഭവം ഇങ്ങനെ: പാരീസിലെ ഒരു തെരുവ്. വഴിയോരത്തു സ്ഥാപിച്ചിരുന്ന ടെലഫോൺ ബൂത്തിലേക്കു ഒരു സ്ത്രീ കടന്നു വന്നു. ആരെങ്കിലും ഫോൺ വിളിക്കാൻ വന്നാൽ അവൾ വഴിമാറി കൊടുക്കും. വിളികഴിഞ്ഞ് സ്ഥലം വിട്ടാൽ വീണ്ടും ബൂത്തിൽ ഇടം പിടിക്കും. പക്ഷേ അവൾ ആരെയും വിളിക്കുന്നില്ല. അവൾക്കു ആരുടേയും ഫോൺ ലഭിക്കുന്നുമില്ല. എന്നിട്ടും പകലന്തിയോളം അവൾ ആ ചേഷ്ട തുടർന്നു.

മേല്പറഞ്ഞ ചിത്രീകരണത്തിലൂടെ ബോദ്രിയാർ പറയാൻ ആഗ്രഹിച്ചത് എന്തായിരിക്കാം? ബന്ധങ്ങളുടെ ആഘോഷമാണ് ക്രിസ്തുമസ്സ് എന്നും എന്നാലതിനിന്ന് കോട്ടം സംഭവിച്ചിരിക്കുന്നു എന്നുമാണോ? ഓർക്കാനും ഓർമ്മിക്കപ്പെടാനും കേൾക്കാനും കേൾക്കപ്പെടാനും ഓരോ ആത്മാവിനും ആഗ്രഹമുണ്ട്. അതിന് ഇഴയടുപ്പമുള്ള സൗഹൃദങ്ങളുണ്ടാകണം. ആഴവും ആർദ്രവുമായ ബന്ധങ്ങളുടെ അഭാവമാണ് ഇന്നിന്റെ ശാപം. അത് പരിഹരിക്കാൻ പൊള്ളയായ ഉത്സവങ്ങൾക്കാവില്ല. ദൈവം നമ്മിലേക്കു ഇറങ്ങിവന്നതുപോലെ അപരനിലേക്കും ഇറങ്ങിച്ചെല്ലണം. അതിന് നാം തിരിച്ചു നടക്കേണ്ടത് പുല്ക്കൂടുകളിലേക്കാണ്; സാന്താക്ലോസ്സുമാർ വിശ്രമിക്കുന്ന കൊട്ടാരങ്ങളിലേയ്ക്കല്ല.

**ഡോ. വിൻസന്റ് കുണ്ടുകുളം**
മംഗലപുഴ സെമിനാരി പ്രൊഫസർ



## വിശ്വാസത്തിൽ അടിയുറച്ച പുതിയ തലമുറയെ എങ്ങനെ വാർത്തെടുക്കാം.

# എന്താണ് വിശ്വാസം?

**വി. ഗ്രന്ഥം പറയുന്നു. (ഹെബ്രായർ 11:1): വിശ്വാസം എന്നതു പ്രത്യാശിയ്ക്കുന്നവ ലഭിയ്ക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്.**

## വിശ്വാസത്തിന്റെ ഉത്ഭവം

ആകാശത്തിലെ നക്ഷത്രങ്ങളെ പ്പോലെയായിരിയ്ക്കും നിന്റെ സന്തതി പരമ്പരയെന്ന് അരുൾചെയ്ത കർത്താവ് വാർദ്ധക്യത്തിൽ തനിയ്ക്കു നൽകിയ പുത്രനെ ബലിയായി നല്കാൻ കല്പിച്ചപ്പോൾ മടികൂടാതെ അതിനു തയ്യാറായ അബ്രാഹാമിന്റെ വിശ്വാസം അദ്ദേഹത്തെ വിശ്വാസികളുടെ പിതാവാക്കി മാറ്റി. അബ്രാഹത്തോടും സാറയോടും ചെയ്ത ഉടമ്പടിയോടുള്ള ദൈവത്തിന്റെ വിശ്വസ്തതയാണു വിശ്വാസികളുടെ തലമുറയ്ക്കു നിദാനമായത്. തൻമൂലം വിശ്വാസമെന്നത് ദൈവികപൈതൃകത്തിന്റെ ഏറ്റുപറച്ചിലും സ്രഷ്ടാവിനോടുള്ള നാഭീനാളബന്ധവുമാണ്.

ഉയിർത്തെഴുന്നേറ്റ യേശുവിനെക്കണ്ട ശിഷ്യൻമാർ ആ വിവരം പറഞ്ഞപ്പോൾ തോമാശ്ലീഹാ വിശ്വസിച്ചില്ല. യേശുവിന്റെ ആണിപ്പാടിൽ വിരൽ ഇടുകയും പാർശ്വത്തിൽ കൈവയ്ക്കുകയും ചെയ്തല്ലാതെ വിശ്വസിക്കുകയില്ലെന്ന് പറഞ്ഞ തോമാശ്ലീഹായോട് കർത്താവ് പറഞ്ഞ വാക്കുകളാണ് അദ്ദേഹത്തെ പാറപോലെ ഉറച്ച വിശ്വാസത്തിനുടമയാക്കിയത്. അങ്ങനെ അദ്ദേഹം നമ്മുടെ ആദ്യ പിതാക്കൻമാരിൽ വിശ്വാസദീപം തെളിയിച്ചു. ആ വിശ്വാസം പതിൻമടങ്ങു ശോഭയോടും ഉജ്ജ്വലപ്രഭയോടും കൂടി നമ്മിലെത്തിച്ചു. നാം ഈ വിശ്വാസപൈതൃകം വരും തലമുറയിലെത്തിയ്ക്കാൻ ബാധ്യസ്ഥരുമാണ്. സീറോമലബാർ സഭയുടെ ഉജ്ജ്വലകിരണങ്ങളിൽ നിന്നും കത്തിച്ചുവച്ച വിശ്വാസമെന്ന ആ തിരി കെടാതെ എണ്ണ പകർന്നു നല്കി നമുക്കു സംരക്ഷിക്കാം.

## സ്രോതസ്സുകൾ

ഞാനിന്നു കല്പിയ്ക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കണം. ജാഗരൂകതയോടെ അവ നിങ്ങളുടെ മക്കളെ പഠിപ്പിക്കണം. വീട്ടിലായിരിക്കുമ്പോഴും )യാത്ര ചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെപ്പറ്റി സംസാരിയ്ക്കണം.
(നിയമാവർത്തനം 6:6–7)

വിശ്വാസം മതബോധനക്ലാസ്സുകളിലൂട മാത്രം കിട്ടുന്നതാണെന്ന ധാരണ തിരുത്തപ്പെടണം. വി. വേദ പുസ്തകം, സഭയുടെ പാരമ്പര്യങ്ങൾ, കൂദാശ

പഠനം, വിശുദ്ധരുടെ ജീവിതമാതൃക, സഭാപിതാക്കൻമാരുടെ പഠനങ്ങൾ ഇവയൊക്കെ വിശ്വാസത്തിന്റെ അടിത്തറയാണ്. സഭയുടെ അടിസ്ഥാനം തന്നെ ചെറുപ്രായത്തിൽ സഭാമക്കൾക്ക് കിട്ടുന്ന നല്ല വിശ്വാസവും അവർക്ക് സ്വാംശീകരിയ്ക്കാൻ പറ്റുന്ന നല്ല മാതൃകകളുമാണ്. മതബോധന വിദ്യാർത്ഥികൾക്ക് അറിവും അനുഭവവും ആർജ്ജിച്ചെടുക്കാൻ പറ്റുന്ന ഉപാധികളാണ്. വിശ്വാസപരിശീലനസെമിനാറുകൾ, കയ്യെഴുത്ത് മാസികകൾ, ഫെയ്ത്ത് ഫെസ്റ്റ്, മിഷൻ ഞായർ, തുടങ്ങിയവ ഇവയിലൂടെ ഒക്കെ കുരുന്നു ഹൃദയങ്ങളെ ഒരുക്കാൻ നമുക്കു കഴിയണം. ബിഷപ്പുമാരിലൂടെ, വൈദികരിലൂടെ, സന്യസ്തരിലൂടെ മതാദ്ധ്യാപകരിലൂടെ, അത്മായനേതൃത്വത്തിലൂടെ ഒക്കെ വിശ്വാസമൂല്യങ്ങൾ ഓർമ്മപ്പെടുത്തേണ്ടതുണ്ട്. പക്ഷേ കുടുംബം തന്നെയാകണം ഒന്നാമത്

## കുടുംബം

മൂല്യബോധമുള്ള ഒരു തലമുറ ഉണ്ടാകണമെങ്കിൽ കുടുംബത്തിൽ നിന്നു തന്നെ തുടങ്ങണം. വിശ്വാസത്തിന് അടിത്തറ പാകേണ്ട ഘടകം കുടുംബം തന്നെയാണ്. വിശ്വാസത്തിന്റെ വെള്ളിവെളിച്ചം പുതുതലമുറയിൽ എത്തിക്കാൻ ഒന്നാം സ്ഥാനത്തു നില്ക്കേണ്ടത് കുടുംബമാകുന്ന വിദ്യാലയമായിരിക്കണം. കതിരിൽ വളം വച്ചിട്ടു പ്രയോജനമില്ല. എന്ന ചൊല്ലുണ്ട്. അമ്മയുടെ ഹൃദയമാകണം കുഞ്ഞിന്റെ ക്ലാസ്സു മുറി എന്ന മഹത്ചിന്ത എല്ലാ അമ്മമാരിലും ഉണ്ടാക്കാൻ കഴിയണം.

നമ്മുടെ ഒക്കെ ചെറുപ്പകാലത്തിലേയ്ക്ക് ഒന്നു തിരിഞ്ഞു നോക്കാം. അറിവിന്റെ ആദ്യാക്ഷരങ്ങൾക്കു മുൻപ് അമ്മ നമ്മെ കുരിശു വരയ്ക്കാൻ പഠിപ്പിയ്ക്കും. ഈശോയെ കാണിച്ചു തരും. കുടുംബപ്രാർത്ഥന കഴിഞ്ഞ് എല്ലാവർക്കും സ്തുതി നല്കാൻ നിർദ്ദേശിയ്ക്കും. അമ്മ തരുന്ന വിശ്വാസപരിശീലനം ജീവിതാവസാനം വരെ നമ്മുടെ ഹൃദയത്തിലുണ്ടായിരിക്കും. ഇവ പുതിയതലമുറയിലും പരീക്ഷിച്ചു നോക്കിക്കേ, ചെറുപ്പം മുതൽ മാതാപിതാക്കൾ കുറിച്ചു തരുന്ന വിശ്വാസപാഠങ്ങൾ കുഞ്ഞുവളരുമ്പോഴും ശോഭമങ്ങാതെ സൂക്ഷിക്കും എന്നതിൽ സംശയം വേണ്ട. വിവാഹ ഉടമ്പടിയിൽ ചെയ്ത വാഗ്ദാനം മക്കളെ ദൈവഭയത്തിൽ വളർത്തുമെന്നായിരുന്നു. അതു മാതാപിതാക്കൾ പാലിക്കണം.

## സ്നേഹം കൊടുക്കുക

മാതാപിതാക്കളുടെ സൗഹൃദവും സഹവാസവും സ്നേഹവും കുട്ടികൾക്ക് അത്യന്താപേക്ഷിതമാണ്. ശ്രദ്ധിയ്ക്കപ്പെടുന്നതിനുവേണ്ടി ചില കുട്ടികൾ കുസൃതികളാകാറുണ്ട്. ചീത്തപ്പെരുമാറ്റം ശ്രദ്ധ പിടിച്ചു പറ്റുമെന്നറിയാവുന്നതുകൊണ്ടാണ്. അമ്മ കാണിയ്ക്കുന്ന ക്ഷമയും കാര്യക്ഷമതയും കുഞ്ഞ് വലുതായി തുടങ്ങുമ്പോൾ ഇല്ലാതാകരുത്. അതിനാൽ അവരോടു കൂടി കളിയ്ക്കുക, വീട്ടിലെ ജോലികളിൽ അവരെ ഏർപ്പെടുത്തുക, ഒന്നിച്ചു കഥ വായിക്കുക, ഒന്നിച്ചു സാധനങ്ങൾ വാങ്ങാൻ പോവുക നമ്മുടെ കാഴ്ചപ്പാടുകളും മക്കളെപ്പറ്റിയുള്ള പ്രതീക്ഷകളും അവരുമായി ചർച്ച ചെയ്യുക, കുട്ടികൾ പറയുന്നതു കേൾക്കാൻ തയ്യാറാകുക, പെരുമാറ്റങ്ങളിൽ ആത്മാർത്ഥത പാലിയ്ക്കുക ഇങ്ങനെ മക്കളെ സ്നേഹിക്കുന്നുണ്ടെന്ന് അവരറിയണം.

## ശിക്ഷണവും ശിക്ഷയും

ശിക്ഷണവും പ്രോത്സാഹനവും ഒരാൾക്ക് ലഭിയ്ക്കുമ്പോഴാണ് പ്രതിഭകളും മഹാൻമാരും ജനിക്കുന്നത്. ഒരു തോൽവിയിൽ എല്ലാം അവസാനിക്കുമെന്ന് ചിന്തിച്ചാൽ ജീവിതം ഇരുളടഞ്ഞുപോകും. കുട്ടികളുടെ ദു:ശാഠ്യവും ഭോഷത്തവും കുറ്റം ചെയ്യുമ്പോൾ തന്നെ തിരുത്തണം. അപ്പോൾ തന്നെ നല്കുന്ന ചെറിയ അടി ഫലപ്രദമായ മാർഗ്ഗമാണ്. കുറ്റം ചെയ്യുമ്പോൾ മാത്രമേ അതാകാവൂ. വേണ്ടതിനും വേണ്ടാത്തതിനുമൊക്കെ ശിക്ഷിയ്ക്കുന്ന ശീലം നന്നല്ല.

മക്കളുടെ ദുർനടപ്പിലൂടെ കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും സ്വീകരിക്കുന്ന മാതാപിതാക്കൾ നമുക്കു ചുറ്റുമുണ്ട്. അവർക്ക് കൊടുക്കേണ്ടത് തക്കസമയത്ത് നൽകാത്തതിലുള്ള ദുരിതമാണ് അവർ തിരിച്ചു നൽകുന്നത്. മക്കളെ അമിതമായി ലാളിച്ച് അവരെ മോശമാക്കുന്ന മാതാവും പിതാവും ദൈവസന്നിധിയിൽ സ്വീകാര്യമല്ല. മക്കളുടെ ആദ്ധ്യാത്മികജീവിതത്തിൽ നാം എത്രമാത്രം ശ്രദ്ധ വയ്ക്കുന്നുണ്ട്. വേദപാഠക്ലാസ്സുകൾ രണ്ടാംകിട ജോലിയായി കരുതുന്നവർ നമ്മുടെ കൂട്ടത്തിലില്ലേ. തെറ്റുകൾ കണ്ടിട്ടും അവരെ ശാസിയ്ക്കാതെയിരിക്കുമ്പോൾ ദൈവകോപം വരുത്തി വയ്ക്കുന്നു. സാമുവലിന്റെ 1-ാം പുസ്തകത്തിൽ കാണുന്ന ഏലിയുടെയും മക്കളുടെയും ഉദാഹരണം നമ്മെ തിരിച്ചു പോക്കിലേക്കു ക്ഷണിയ്ക്കുന്നു. ഏലിയുടെ മക്കൾ തെറ്റു ചെയ്യുന്നുവെന്ന് അറിഞ്ഞിട്ടും അവരെ ശാസിക്കാത്തതിനാൽ വാർദ്ധക്യത്തിൽ അവരെയോർത്ത് വേദനിയ്ക്കുന്നു. വിശുദ്ധ വസ്തുക്കളോടുള്ള അനാദരവും സമ്പത്തിനോടുള്ള ആർത്തിയും അശുദ്ധബന്ധവുമായിരുന്നു ഇവരുടെ തിന്മകൾ.

## വിശുദ്ധ കുർബാന

നിങ്ങളുടെ കുടുംബത്തിൽ വെളിച്ചം നിലനിർത്താൻ ഉപകരിയ്ക്കുന്ന ഒരു ഔഷധവുമുണ്ട് അതാണു വി. കുർബാന. കഴിയുമെങ്കിൽ എല്ലാ ദിവസവും വി. ബലിയിൽ സംബന്ധിയ്ക്കണം. കുഞ്ഞുങ്ങളെ ചെറുപ്പത്തിൽ തന്നെ പള്ളിയിൽ

**നമ്മുടെ മക്കൾക്ക് ഞായറാഴ്ചകൾ നല്ല അനുഭവം തന്നെയാകണം ഭൗതികാഘോഷങ്ങൾ, ട്യൂഷൻ, കോച്ചിങ്ങ് ക്ലാസ്സുകൾ എന്നിവയ്ക്കായി മാത്രമുള്ളതാണ് ഞായറാഴ്ചകൾ എന്ന ചിന്ത തിരുത്തപ്പെടണം. വിശ്വാസജീവിതത്തിന്റെ ആണിക്കല്ലാണ് വി. കുർബാന.**

കൊണ്ടുപോയി അതിൽ പങ്കെടുപ്പിയ്ക്കുവാൻ പരിശീലിപ്പിയ്ക്കണം. മാതാപിതാക്കളുടെ കടമയാണിത്. ഞായറാഴ്ചകൾ വെറും നേരമ്പോക്കും ഉല്ലാസത്തിനുള്ള ദിവസവും ആകരുത്. ആ ദിവസം ആരാധനയ്ക്കു പുറമെ ജീവകാരുണ്യപ്രവർത്തനങ്ങൾ, സന്നദ്ധസേവനം വിശ്വാസപരിശീലനം, ബൈബിൾ പഠനം, കുടുംബങ്ങളുടെ കൂട്ടായ്മ എന്നിവയ്ക്കായി മാറ്റിവയ്ക്കണം. ഇങ്ങനെ ആദിമസഭയിലെ ചൈതന്യം ആർജിയ്ക്കാൻ ശ്രമിക്കാം. നമ്മുടെ മക്കൾക്ക് ഞായറാഴ്ചകൾ നല്ല അനുഭവം തന്നെയാകണം ഭൗതികാഘോഷങ്ങൾ, ട്യൂഷൻ, കോച്ചിങ്ങ് ക്ലാസ്സുകൾ എന്നിവയ്ക്കായി മാത്രമുള്ളതാണ് ഞായറാഴ്ചകൾ എന്ന ചിന്ത തിരുത്തപ്പെടണം. വിശ്വാസജീവിതത്തിന്റെ ആണിക്കല്ലാണ് വി. കുർബാന.

## പ്രാർത്ഥനയുടെ പ്രാധാന്യം

കർത്താവായ ഈശോയിൽ വിശ്വസിക്കുക നീയും നിന്റെ കുടുംബവും രക്ഷ പ്രാപിയ്ക്കും. (അപ്പ. പ്രവർത്തനങ്ങൾ. 13/31)

## നല്ല ശീലങ്ങൾ വളർത്തിയെടുക്കുക

ഇന്റർനെറ്റ്, മൊബൈൽ ഫോൺ ഇവയുടെ അമിത ഉപയോഗം ഇന്ന് വിശ്വാസജീവിതത്തിൽ ഇളക്കം തട്ടിയിട്ടുണ്ട്. മൂല്യങ്ങളും പ്രചോദനങ്ങളും അടങ്ങിയ നല്ല പുസ്തകങ്ങൾ വായിക്കാൻ കൊടുക്കണം. ചീത്തപുസ്തകങ്ങൾ സൂക്ഷിച്ചു വയ്ക്കുന്നത് വൈക്കോലിൽ തീ ഒളിപ്പിച്ചു വയ്ക്കുന്നതുപോലെയാണ്. പതിവായി സത്ഗ്രന്ഥങ്ങൾ വായിക്കാൻ കൊടുക്കണം. പഠനത്തിൽ ശ്രദ്ധ ഉണ്ടെന്നുറപ്പാക്കണം. കുട്ടികളിലെ അലസത മാറ്റി അധ്വാനശീലരാക്കിയെടുക്കണം. അലസത ദുർഗുണങ്ങളുടെയും കലവറയാണ്. നല്ലവരുമായി കൂട്ടുകൂടാൻ പ്രേരിപ്പിയ്ക്കണം. അങ്ങനെ എല്ലാ കാര്യങ്ങളിലും കൃത്യനിഷ്ഠയും സമയനിഷ്ഠയും ശീലിപ്പിയ്ക്കാം.

നിങ്ങൾ മദ്യപിച്ച് വീട്ടിലെത്തരുത്. നിങ്ങളുടെ മക്കളിലേക്ക് ആ ദു:ശീലം കടന്നു കൂടാനിടയുണ്ട്.

അ്വു നിങ്ങളുടെ കുടുംബത്തിന്റെ ഭദ്രത നശിപ്പിയ്ക്കും ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുമ്പോൾ സ്വഭാവ ശുദ്ധിയും ജീവിതമര്യാദയും ഉള്ളവരെ തിരഞ്ഞെടുക്കണമെന്ന് കൂടെ കൂടെ മക്കളെ ഉത്ബോധിപ്പിയ്ക്കണം. ഇന്നത്തെ പല വിവാഹബന്ധങ്ങളും വിടരുമ്പോഴേക്കും കൊഴിയുന്നതാണെന്ന കാര്യം ഓർമ്മയിൽ വയ്ക്കണം. കുടുംബങ്ങളുടെ കെട്ടുറപ്പ് പ്രധാനപ്പെട്ടതാണ്. കൂട്ടുകുടുംബങ്ങളെ പ്രോത്സാഹിപ്പിയ്ക്കുവാൻ സഭയ്ക്കു കഴിയണം. ഇങ്ങനെ മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധം ശക്തിപ്പെട്ടാൽ നല്ല ഭാവിതലമുറ വളർന്നു വരുമെന്നതിൽ സംശയം വേണ്ട,. ജീവിതസൗകര്യങ്ങൾ വർദ്ധിയ്ക്കും തോറും ആരോഗ്യകരമായി അയൽബന്ധങ്ങൾ കുറയുന്നു. അടുത്തടുത്തു താമസിയ്ക്കുന്ന കുടുംബങ്ങൾ തമ്മിലുള്ള ആരോഗ്യകരമായ ഇടപെടൽ വിശ്വാസവളർച്ചയെ സഹായ്ക്കും.

## സമാപനം

വിശ്വാസത്തിന്റെ ഒരു മഹത്തായ കലവറ നമ്മിലുണ്ട്. അതിന്റെ ആഴം മനസ്സിലാക്കുവാനും സ്നേഹം ജനിപ്പിയ്ക്കുവാനും നമ്മുടെ മക്കളെ നമുക്കു ഒരുക്കാം. മാതാപിതാക്കളുടെ ജീവിതമാണ് മക്കളുടെ ഏറ്റവും വലിയ പാഠപുസ്തകവും. മാതാപിതാക്കൾ നല്ല മാതൃകകൾ നല്കിയാൽ കുഞ്ഞുങ്ങളിൽ ദൈവവിശ്വാസം ശക്തിപ്പെടും.

എന്റെ കർത്താവേ എന്റെ ദൈവമേ എന്നു പ്രഖ്യാപിച്ചുകൊണ്ട് നമ്മുടെ അപ്പസ്തോലനായ തോമാശ്ലീഹാ ഏറ്റു പറഞ്ഞതും നിത്യജീവിതത്തിലേയ്ക്കു നയിക്കുന്നതുമായ വിശ്വാസത്തിന്റെ അമൂല്യനിധി ഏറ്റവും വലിയ സമ്പത്തായി കണക്കാക്കി അത് നമ്മുടെവരും തലമുറയിലേയ്ക്ക് പകർന്നു കൊടുക്കുവാൻ കല്യാൺ രൂപതയെന്ന കാനാൻ ദേശത്തു നിലയുറപ്പിച്ചുകൊണ്ട് നമുക്ക് പരിശ്രമിയ്ക്കാം. വ്യാകുലങ്ങളാകുന്ന ഏഴു വാളുകൾ ഹൃദയത്തെമുറിച്ചപ്പോഴും അമ്മ പതറാതെ നിന്നു. വിശ്വാസവഴിയിൽ ഇടറിപ്പോകാതിരിയ്ക്കാൻ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം.

ഭാഗ്യസ്മരണാർഹനായ വി. ജോൺ പോൾ രണ്ടാമന്റെ വാക്കുകളോടെ ഉപസംഹരിയ്ക്കുന്നു. മാതാപിതാക്കളെ നിങ്ങൾ മക്കൾക്ക് എന്തൊക്കെ വാങ്ങികൊടുത്താലും ഈശോയെ കൊടുക്കുന്നില്ലെങ്കിൽ അവർക്ക് ഒന്നും തന്നെ നിങ്ങൾ കൊടുത്തിട്ടില്ല.

**Jancy Thomas**
Kharghar

**First prize,**
**Lantern Essay Writing Competition**



# Living Catholic Faith in Cosmopolitan City

**One thing that makes us Catholics to the outer world is the Sunday Mass we attend, here we encounter Christ in a real and intimate, one to one connection.**

"Instead of being just a church that welcomes and receives by keeping the doors open , let us try also to be a church that finds roads , that is able to step outside itself and go to those who do not attend Mass, to those who quit or are indifferent" Said our Pope Francis in an interview.

Does keeping our faith just require us to go to church, participate in the Sunday Mass ,take part in the church activities and live a nice life?? What does it require to create a Catholic home in a Metro?? A house adorned with crosses, statues and holy pictures, or to be a part of the traditions and family celebrations?

Of course all this is truly needed, but to be living in Catholic faith you have to go beyond all this, living our faith involves loving generously rather than just loving, it needs us to be selfgiving rather than just giving.

Firstly to be living a catholic life we need to mend our relationship with Jesus and our fellow beings. Ben's friend who was completely a namesake Catholic, this friend started showing up at church with his wife and kids. Ben always wanted to know what had brought this change in his friends life but was afraid to ask, he just did not want to scare his neighbour off. Although once after the Mass Ben told this neighbour of his, that it was lovely to see him and his family, this neighbor replied back saying "I was never a religion person, but every time our families got together, my wife and I would say that you guys just had SOMETHING. We couldn't figure out what it was- except your faith. And you made us want that too..Thank You"

Ben was stunned; he had never talked to his friend about God or discussed anything religious. But God had shone through his marriage and family life that it led someone else to seek the source of that light.

One thing that makes us Catholics to the outer world is the Sunday Mass we attend, here we encounter Christ in a real and intimate, one to one connection. He gives us his everything, body , soul and divinity, And then he asks us to go out and share that love with the world. How often have we been successful in encouraging our parishners in

going more close to God or showing how beautiful our lifes have become because God is working in our lifes. We are often successful in sending off one catholic away from the church or from God through our actions.

We are a community migrated from south India and settled in big cities in search of jobs, luxury and better living. We do carry with us our culture language and faith, we live a good life pleasing everyone around us, doing everything perfectly, finding happiness and letting pain be far away from us. We spend much of our time in church participating in the activities in church, prayer meeting, competitions, catechism etc. But, Let us take a little time and think whether does any of these things help us in our relationship with Jesus and our fellow beings, or does it just worsen every relationship, destroy others lives?. Do we stop and say to Jesus, that Lord this what I'm doing is for your glory and not mine, and let your name be praised, Or do we end up praising ourselves and thinking that all this that has been done could not have been done if "I" weren't there and that I am the best.

We should take active part in the church activities and also let others take part in them, sometimes they may mean just nothing, sometimes we must be very tired and then asked to do, Do it because God wants to reveal something to you, He wants your hand to do his work, he wants your tongue to speak his words, and he wants your eyes to see what he sees. I've heard of many Jesus Youth who have grown into spirituality when they just thought of going for the prayer meetings, when they dint know to praise or worship the Lord, or merely say a prayer, but just sat there to experience Christ and Christ did work miracles in their lives. At the present stage of your life you might think that you are not worthy enough to be active the parish community as you might not be that Holy enough, But it is this time that Jesus wants you to come to him. He wants you to seek his power when you feel that you are the weakest, He wants you to seek him so that you Will find him."For God's foolishness is greater than human wisdom and God's weakness is greater than human strength" ( 1Corinth 1:25)

There is no need to be afraid of imitating Peter and walking on the water towards the Lord, so long as we confidently keep our eyes fixed on him and pour our lives in his hands. If our focus is on Christ then it becomes easier to make decisions and live truly as a Catholic.

We say that our youngsters have drifted away from the church, What is the problem now?.. There is no problem now the problem was back then when they were taught that to be a catholic was to be nice. They figured out that faith was all about being nice, then they decide you don't have to go to church to be real nice, Or you don't have to be Catholic to be nice . We forgot to educate our youngsters that to be a catholic is to take up the cross and follow Jesus. Being a Catholic is not warm , cozy or lukewarm, you need the courage to say No, courage to stand up for truth, courage to forgive, courage to pray for those who hate you. Being a Catholic means to carry the cross of Jesus because we love him as much as he loves us.

Every day we should examine ourselves saying "Do I ever do anything in my life which I should not have done if Christ had not come on earth? Is there anywhere in your life a deed which without him you could have done? If your life rolls on with nothing unforeseen, if everything about you,

**We forgot to educate our youngsters that to be a catholic is to take up the cross and follow Jesus. Being a Catholic is not warm , cozy or lukewarm, you need the courage to say No, courage to stand up for truth, courage to forgive, courage to pray for those who hate you.**

Twenty four hours out of twenty four could be explained in human terms, then Christianity has not penetrated you to your very depths.

Building up our relationship Christ indirectly serves another duty as a Catholic: TO EVANGELIZE.

Expressing your love and support each day, getting involved in your community and local charities , and praying daily are just three ways Catholics can evangelize. Our faith is a gift we have received and this gift can and should be passed on to others. We can change the lives of many in a positive way, as well as deepen our faith by reaching out and expressing our beliefs. The best way to know God is to live each day trying to express to others the gift he has given us. The good news of Jesus Christ is not meant to be a secret, it is meant for everyone to know and live by. We always must walk with faith and be the person God meant for us to be.

We don't need to take big sermon to tell the world about Jesus, we could silently do that by living different lives, break into a conversation with a person you see and tell him about what Jesus has done for you, Many times a SMILE can do wonders in someone else's life. Ben's family were true evangelists, showing the world how to live through their living.

Having more children can help us in journey of evangelization. It must be embarrassing for many to have more children. But just think of a family with many children who can love each other and when all these children spread this love that Jesus gives them to the outer world. Wow!! We would have so many people experiencing the love of Jesus.

A colleague happened to share once that he doesn't remember the last time when his parents touched him, I told him that I hug and kiss my parents every day after the family prayer. We experience daily the love of Jesus through our parents and our siblings. We will never have a deficiency of love, if we find the source of this self-giving love is Christ.

Many families today around are sad and dissolute simply because the wife is wrapped in household work, the husband with his professional work. Two lives are lived side by side, touching each other at every turn, without really affecting each other. No affectionate glance, no interest in each other's life. We all could live happily by a little creativity , all we need to do is to change our position and look on the same scene , not from our own point of view, but from somebody else's.

To have this spirit of service and love of Jesus intact we should develop a habit of Prayer. Our prayers should be disciplined. A fixed time should be kept everyday for this heart to heart conversation with our beloved Jesus. This will keep us in his love and tight in his care. We should learn to pray confidently for each other, our prayers should not lack the serenity of a child who knows that he is loved and is safe. We should be able to Jump when our Lord say to us "I can see you that's all that matters; Jump"

Saying a rosary while travelling, or a Hail Mary whenever you see someone who need your prayer are ways you could keep constant contact with Jesus in your everyday life. We should learn to pray for those who have no role in our life's , it might be a soul struggling in purgatory or a criminal whose news you happened to read in paper today. Praying for people who don't think they need your prayer is really beautiful. That could be a friend who just went away hurting you, Or your boss who has a bad family life (I bet you would find many around you). The other day I happened to read the whatsapp status of a friend who would never leave a chance of hurting me saying : he dint know what's getting so lucky for him that his life is filled with blessings ,Of course he dint know it! But I and my Jesus truly knew it. It's a wonderful feeling to know that Jesus is showering blessings on that person because of you.

Archbishop Charles Chaput once said "Don't lie. If we say we are Catholic, we need to prove it, we need people willing to stand alone, without apologies for the truth of the Catholic faith and the common human values it defends. One person can make the difference, if that individual has faith he



**We don't need to take big sermon to tell the world about Jesus, we could silently do that by living different lives, break into a conversation with a person you see and tell him about what Jesus has done for you, Many times a SMILE can do wonders in someone else's life.**

or she is willing to suffer for". We can and should make a real difference through our prayers, our voices, our writings and at the ballot box.

Have you ever felt the twinge for being authentically Catholic?? Oh yes! We do keep our Catholicism aside for fear of not being liked, sometimes for fear of persecution for our religious beliefs, or fear of not moving up the career ladder if we do not fit the right corporate mind. We relax our standard because it is easier to go along with the crowd than take a stand.

"To be yourself in a world that is constantly trying to make you something else is the greatest accomplishment"- Ralph Waldo Emerson. Have you ever felt when your mouth said one thing and your heart felt another? Then maybe its time to consistently let our true selves be seen by others. But, is there an upside to have the courage to truly embrace who we are? The answer is yes, because we are made for heaven and not for this place. We are here to help ourselves, our families, and everyone else get to Heaven. It is difficult, truly difficult! Let us ask the Holy Spirit to guide our actions and give us courage. Let us be joyful and set a good example for others by being unafraid to be our true selves.

Being a Catholic is a privilege. God has chosen us especially from eternity and made us a part of this Faith. It's indeed such a blessing to be a part of a organized community. Here, parents, children, brothers , sisters all are taught to love one another in the same love that Jesus gave us. We live in a community which often questions what we believe, but this same community will be with us praying for us in times of our pain. Whenever two or three are gathered together in my name I will be in midst of them.( Mathew 18:20)

A few minutes spent in front of the Eucharist will often fill us with a joy and peace that we can find nowhere else. In those minutes you will be feeling the sheer beauty of being catholic, a tenacious beauty that never lets you go. You may not always love being a Catholic, you may have to confess your sins, or give up a candy for forty day. But I would say it is worth it.

No matter where this Catholic journey takes us we will always find solace in our faith.GBU

**Maria Jinny Joseph**
**Kalewadi**

**First prize,**
**Lantern Essay Writing Competition**



# വിശ്വാസത്തണലിൽ

'വിശ്വാസം' എന്ന തികച്ചും വിപ്ലവാത്മകരമല്ലാത്ത വെല്ലുവിളിയേക്കുറിച്ച് ഒരു ചെറുകഥയെഴുതാൻ സ്നേഹനിധിയായ ഭർത്താവിന്റെ വലിയ നിർബ്ബന്ധം സഹിക്ക വയ്യാതായപ്പോഴാണ് ആൻസി ആന്റോയെന്ന കഥ വറ്റിയ മദ്ധ്യവയസ്ക തൂലിക തപ്പിയെടുത്ത് ഒരു ഞായറാഴ്ചയുടെ മദ്ധ്യാഹ്നത്തിൽ തന്റെ ഊട്ടുമുറിയിലെ തീൻ മേശക്കരികിൽ ചാരുകസേരയിലിരുന്ന് ഭാവനകളെ കയറൂരി വിട്ടത്. പണ്ട് പ്രീഡിഗ്രിക്ക് പഠിക്കുമ്പോൾ താനെഴുതിയ 'രക്തവിപ്ലവം' എന്ന കഥ കോളേജ് മാഗസിനിൽ പ്രസിദ്ധീകരിക്കാൻ കൊടുത്തതിനുശേഷം ഇടതുപക്ഷ സഹയാത്രികനായ മാഗസിൻ എഡിറ്റർ കഥയുടെ ആത്മാവിനെ ശുദ്ധീകരണസ്ഥല (ചവറ്റുകുട്ട) ത്തേക്കിട്ടപ്പോഴേ ആൻസി തൂലിക മടക്കിയതാണ്. വർഷങ്ങൾക്കുശേഷം ഈ മഹാനഗരത്തിലെ പതിവായുള്ള ഉച്ചയുറക്കം ബലികൊടുത്ത്, ആ ചോരയിൽ മുക്കി ഒന്നെഴുതി തുടങ്ങാമെന്നു വിചാരിച്ചപ്പോഴേ, അതാ വെറുതെയൊരു കോട്ടുവാ.. ഭർത്താവിന്റെ മൊബൈൽ ഫോണിൽ നിന്നൊരു കിളിനാദം...... സമ്മതിക്കില്ല അല്ലേ? സൈബർ ദല്ലാളന്മാരോട് അവൾ ചോദിച്ചു. രൂപത തലത്തിലുള്ള ചെറുകഥാമത്സരത്തിനായി ആയുധമെടുത്ത ആൻസിയിലെ കഥാകാരി അപ്രതീക്ഷിത വെല്ലുവിളി നേരിടാൻ തയ്യാറായി ബഡ്റൂമിലെ ഡ്രസിങ്ങ് ടേബിളിനെ ലക്ഷ്യമാക്കി മാർച്ച് ചെയ്തു. എന്തോ അത്യാവശ്യമായിട്ട് പുറത്തു പോയപ്പോൾ അച്ചായാൻ ഫോണെടുക്കാൻ മറന്നതാണ് വിനയായത്.

ആധുനികതയുടെ അവധൂതനെ റാഞ്ചിയെടുത്ത് ആൻസി വീണ്ടും തന്റെ ചാരുകസേരയിൽ ഉപവിഷ്ഠയായി അതിന്റെ സ്ക്രീനിൽ പരതി. അവൾ അമ്പരന്നുപോയി. സ്വന്തം കണ്ണുകളെ വിശ്വസിക്കാനാകുന്നില്ല..... മൂന്ന് മിസ്ഡ് കോളുകൾ.... അതും ഒരു രാധയുടെ...... രാധാ.... രാധ.....

അച്ചായന്റെ കൂട്ടുകാരെയൊക്കെ തനിക്കറിയാം. പള്ളിയിൽ, മലയാളസമാജത്തിൽ,..... അതിലൊന്നും ഒരു രാധയില്ല. പിന്നെ ഏതാണീ വനിതാരത്നം? വെളുത്തുമെലിഞ്ഞ, വാഴകൂമ്പുപോലുള്ളൊരു രാധയെ ആൻസി മനക്കണ്ണിൽ പ്രതിഷ്ഠിച്ചു. അച്ചായന്റെ സ്ത്രീ സങ്കല്പം..... നീണ്ട മുടി...... മുംബൈ മഹാനഗരത്തിൽ വഴി തെറ്റി വന്ന ശകുന്തള...... അവളുടെ ചേലയിൽ നിന്നും ദർഭപുല്ലുകൊണ്ടപ്പോൾ ആൻസിക്ക് മേലാകെ ഒരു ചൊറിച്ചിൽ..... ഭിത്തിയിലെ കറുത്ത പല്ലി വല്ലാതൊന്നു ചിലച്ചു.... ആകെയൊരു കാറ്റും കോളും പോലെ..... അക്ഷരങ്ങൾ ചിതറിയോടി.......

പാതിപൊട്ടിയ ജനൽ ച്ചില്ലിലൂടെ കാർട്ടേഴ്സിനു മുമ്പിലെ കുറ്റിച്ചെടികൾ അവളെ ഒളിഞ്ഞു നോക്കി. നടുവിലായുള്ള മധുരക്കനി മരത്തിൽ ഒരു കാക്ക വന്നിരുന്നു. കറുത്തതാണോ? നഗരത്തിന്റെ കലർപ്പ് കയറിയ കറുപ്പ്. മരച്ചില്ല പതിയെ ചാഞ്ഞുവന്നപ്പോൾ അവൾക്ക് കൊതി തോന്നി. മധുരക്കനി തിരക്കി. ഇന്നലെ അച്ചായന്റെ ശ്വാസത്തിന് ഒരു രുചിഭേദമുണ്ടായിരുന്നോ?

ആൻസീ, നീയൊരു മണ്ടി, കാലം തളംകെട്ടി നിൽക്കുന്ന ഈ കാർട്ടേഴ്സിലെ പൊടിപടലങ്ങൾക്കുള്ളിൽ നിയൊരു സ്മാരകശിലയായി വെറുങ്ങലിച്ചു നിൽക്കും.....

തുറന്ന വാതിൽ പ്പാളിയിലൂടെ പെട്ടെന്നു കയറി വന്ന കാറ്റിനുപോലും ആശ്വസിപ്പിക്കാനായില്ല. കാറ്റ് പണ്ടേ കാമുകനായിരുന്നു. കുട്ടനാട്ടിലെ തോട്ടുവക്കിൽ പിച്ചവച്ചു നടന്നപ്പോൾ തന്നോട് സല്ലപിക്കുവാൻ വേറെ ആരുണ്ടായിരുന്നു?

ബാല്യവും കൗമാരവും അവന്റെ കരവലയത്തിലായിരുന്നുവല്ലോ? അതേ, അവൻ തന്റേയോ? മാത്തുകുട്ടിയോടൊപ്പം സ്കൂളിലേക്ക് നടക്കുമ്പോഴും കാറ്റ് കൂട്ടിനോടായിരുന്നു. കുഞ്ഞുപാവാടക്കുള്ളിലൂടെ ആഴ്നിറങ്ങി അവൻ തന്നെ കോൾമയിർക്കൊള്ളിക്കുമ്പോൾ ഉറക്കെ ചിരിച്ചു പോകാറുണ്ട്. അപ്പോളവൻ കാതിൽ മൂളും.

"എനിക്കിഷ്ടമാണ്".

"ഒന്നു പോ".. താനും ദേഷ്യം കാണിക്കും. "കാണാനും കേൾക്കാനും പാടില്ലാത്ത നിന്നെ എങ്ങനെ വിശ്വസിക്കും"?

ഞായറാഴ്ചകളിൽ അവൻ കിന്നരിക്കും.

"ഈ കൊച്ചു വെളുപ്പാൻ കാലത്ത് നീയെവിടെപ്പോയി"?

"പള്ളിയിൽ"

എന്തിനാ?

"പ്രാർത്ഥിക്കാൻ"

"ആരോട്"

"ഈശോയോട്"

നീയെന്നും പ്രാർത്ഥിക്കുന്നത് ഈശോയെ നേരിട്ടു കണ്ടീട്ടാണോ?

താൻ തോറ്റുപോകും. അവനോട് വാദിച്ചു ജയിക്കാനാകാതെ ചിരിച്ചു കൊണ്ടോടും. തൊട്ടുതൊട്ടില്ലയെന്ന മട്ടിൽ അവനും കൂടെയോടും. വാതിൽ പടിയെത്തുമ്പോൾ താൻ തിരിഞ്ഞു നോക്കും. തോട്ടുവക്കിൽ അവൻ ഉലാത്തുന്നു. ചിലപ്പോൾ നീർക്കുമിളകളുമായി കടിപിടി.....

പത്താം ക്ലാസിലെ പരീക്ഷയെഴുതി കഴിഞ്ഞപ്പോൾ ഉള്ളിൽ തീയായിരുന്നു. പക്ഷെ അവൻ കൂടെ നിന്നു ജയിപ്പിച്ചു. കുഞ്ഞേച്ചി പഠിക്കുന്ന കോളേജിൽ പോകാൻ കൊതിയായിരുന്നു. കടത്തുകാരൻ തങ്കച്ചന്റെ കത്തിക്കയറുന്ന കണ്ണുകൾ....

അപ്പോഴാണവൻ മാറി വീശിയത്... ഇവിടെയടുത്ത പാരലൽ കോളേജാണ് നല്ലത്. പട്ടണത്തിൽ പോയി പേരുദോഷമൊന്നും വരുത്തേണ്ട. പട്ടണത്തിന്റെ വാതിൽ പൂട്ടി കുഞ്ഞേച്ചി കാവൽ നിന്നു.

ചതിയുടെ ആഴം.... പ്രീഡിഗ്രി റിസൽട്ട് വന്നപ്പോൾ എട്ടുനിലയിൽ പൊട്ടി... കാറ്റേ, നിന്നോടിനി കൂട്ടില്ല.... എങ്ങനെയെങ്കിലുമൊരു നഴ്സാകണം.... അടങ്ങാത്ത വാശി.

ഈ മഹാനഗരത്തിലെ ഒരാശുപത്രിയിൽ ജോലി ചെയ്യുമ്പോഴാണ് കാറ്റിനെ വീണ്ടും കണ്ടത്. തിരുവല്ലക്കാരനായ സുനിലിന്റെ കണ്ണുകളിൽ.... പനിച്ചു വിറച്ചാണവൻ വന്നത്.... ഒരാഴ്ച കഴിഞ്ഞ് ഡിസ്ചാർജ് ആയി തിരികെ പോയപ്പോൾ

കാറ്റിന്റെ ഇരമ്പൽ "ഞാൻ വരും".

പിന്നെ...... കാറ്റിന്റെ കൈകളിൽ ഊഞ്ഞാലാടി സുനിൽ ഗൾഫിലെത്തി.

നാളുകൾ കൊഴിയവേ, വല്ല്യേച്ചിയുടെ കല്യാണത്തിനായി താൻ നാട്ടിലെത്തിയപ്പോഴാണ് മീനമാസത്തിലെ കൊടുങ്കാറ്റ്..... സുനിലിന് കല്യാണാലോചനകൾ..... കണ്ണീർക്കായലിൽ എന്നെ മുക്കി നീ മുണ്ടാം കുഴിയിട്ടു....

ഒമ്പതാം ക്ലാസിൽ വേദപാഠം പഠിപ്പിച്ചിരുന്ന ചാക്കോസാറിന്റെ കട്ടമീശ.... സാറെന്നും വാചാലനായിരുന്നു...... വിശ്വാസം നടന്ന വഴിത്താരകളേപ്പറ്റി.... തെരഞ്ഞെടുക്കപ്പെട്ട ഇസ്രയേലിനെപ്പറ്റി...... തന്റെ യുക്തിയും ഒപ്പമുണരും. എന്നീട്ടും ഇസ്രായേൽ ചിതറിക്കപ്പെട്ടു.....? ഗാസായിലിന്നും വിലാപമെന്തേ? വിശ്വാവും അവിശ്വാസവും ഒരേ നാണയത്തിന്റെ ദ്വന്ദ്വമുഖങ്ങളോ? ഒരേ തൂവൽ പക്ഷികളോ?

കെടാവിളക്കുമായി, ഋതുഭേദങ്ങളോട് സന്ധി ചെയ്ത്, ആഴക്കടലുകൾ കടന്ന് ഈ മണ്ണിലെത്തിയ ശ്ലീഹായുടെ ശിഷ്യരെന്തേ വിഘടിച്ച് ഉൾക്കടലുകൾ തീർത്താ, ദേഷ്യത്തോടെ ആൻസി ഒരു ദിവസം ചാക്കോ സാറിനോട് ചോദിച്ചു? അവനവനിൽ വിശ്വസിച്ച് ഗലീലിയോ കലക്കിയെറിഞ്ഞവർ എന്തിലാണ് വിശ്വസിച്ചിരുന്നത്?

കൂട്ടുകാർ തനിക്കൊരു പേരിട്ടു. സഖാവ് ആൻസി. രക്തത്തിൽ വിപ്ലവാംശം കൂടുതലുണ്ടത്രേ.

ഹേയ്, മൊബൈൽ വീണ്ടും ചിലച്ചുവോ? രാധ.... രാധ..... ഈശോയെ, ഇതെന്തൊരു പരീക്ഷണം? ഈ കാഞ്ഞിരക്കുരുവിന്റെ താണ്ഡവം ഇന്നു നിർത്തണം.... തൂലിക ഭാവനകളെ പ്രഹരിച്ചു....

ജനൽ കർട്ടൻ മെല്ലെയൊന്നനക്കി അവനെത്തി.... ആൻസി മുഖം തിരിച്ചു.

കറുത്ത് മെലിഞ്ഞ ആന്റോയുടെ വാക്ചാതുര്യമായിരുന്നോ തന്നിൽ കുഞ്ഞോളങ്ങളുണർത്തിയത്.? ഒരു ഞായറാഴ്ച കുർബ്ബാനക്കിടെ സമാധാനാശംസ നൽകാൻ വലത്തോട്ട് തിരിഞ്ഞപ്പോൾ അവന്റെ കണ്ണുകളിൽ കാറ്റിന്റെ കുത്തൊഴുക്.....

മുഖം നിറയെ ചിരിയുമായി ചില സായാഹ്നങ്ങളിൽ കാറ്റിന്റെ കൈ പിടിച്ച് അവനെത്തുമ്പോൾ സാന്ത്വനത്തിന്റെ തുരുത്തുകൾ....

"ഇവനെ വിശ്വസിക്കാമോ"?

"തെക്കനല്ല". ചോദ്യം കട്ടെടുത്ത കാറ്റിന്റെ ഇര

മ്പൽ എല്ലാരുമുണ്ടായിരുന്നെങ്കിലും അനാഥയായിരുന്ന താൻ...... അനാഥത്വം നൽകിയ ആത്മബലമായിരുന്നു കരുതൽ.....

ഇന്നു മുതൽ മരണം വരെ സന്തോഷത്തിലും, ദു:ഖത്തിലും..... മനോഹരമായ വാഗ്ദാനം നടത്തിയപ്പോൾ കർത്താവിന്റെ കബറിടത്തിനുചുറ്റും കാറ്റിന്റെ കുഞ്ഞോളങ്ങൾ.... മെഴുകുതിരി നാളങ്ങൾ. ആ കാറ്റിൽ ഊഞ്ഞാലാടിയിരുന്നു.... വടക്കൻ കാറ്റിൽ ജ്വലിച്ചുയർന്നപ്പോൾ താരകങ്ങൾ കൺചിമ്മുന്നുണ്ടായിരുന്നു... എന്നിട്ടുമിപ്പോൾ...

ഈയിടെയായി അച്ചായന് വലിയ തിരക്കാണോ? പകൽ മുഴുവൻ ഓഫീസിൽ..... സന്ധ്യയായാൽ പൊതുപ്രവർത്തനം.... ഒന്നും സംസാരിക്കാൻ പോലും കിട്ടുന്നില്ല.... ആളുകളുടെ കൗതുകം വെള്ളത്തിലെ വരകളോ? രാധ..... അവൾക്കെത്ര വയസ്സുകാണും?

തങ്ങളുടെ ഏക മകൻ.... അവൻ ഒമ്പതാം ക്ലാസിലെത്തിയെന്ന വിചാരമെങ്കിലുമുണ്ടായിരുന്നെങ്കിൽ.... നനവാർന്ന നിനവുകളുടെ നീറ്റലുകൾ.... അസ്വസ്ഥതകളുടെ തേരോട്ടം.....

വിശ്വാസച്ചിറകിൽ കൂടുകൂട്ടിയ ആൻസി ആന്റോ ഊഷരഭൂമിയോ! വിധിവൈപരീത്യമോ, കർമ്മഫലമോ, മുജ്ജന്മപാപമോ അതോ പഞ്ചഭൂതങ്ങളോ? സ്വന്തം ശാസത്തെ അവൾ കൺമിഴിച്ചു നോക്കി.

സ്വീകരണഭൂമിയിലെ വ്യാകുലമാതാവിന്റെ ചിത്രം.... ഞാനാരെ വിശ്വസിക്കും? ഋതുഭേദങ്ങൾക്കിടയിൽ കാറ്റോട്ടം നിലച്ച അച്ചായന്റെ കണ്ണുകളേയോ? അവസരവാദിയായ ഈ കള്ളൻ കാറ്റിനേയോ? പിതാവിന്റെ കത്തിമുനക്കുമുമ്പിൽ പേടിച്ചരണ്ട പൈതലിന്റെ കണ്ണിലെ വരണ്ട കാറ്റിനെയോ? ഈജിപ്തിലേക്കുള്ള പാലായനത്തിനിടയിൽ നീ കണ്ട ഉഷ്ണകാറ്റിനേയോ?

ഉത്തരം..... അച്ചായന്റെ തലച്ചോറിലേക്ക് ആൻസിയുടെ പ്രേതം ജാരനെപ്പോലെ ആഴ്ന്നിറങ്ങാൻ തുടങ്ങി ..... എല്ലാം കണ്ടുപിടിക്കണം..... കുടഞ്ഞുകളയാൻ ശ്രമിക്കുമ്പോൾ മൂക്കുകയർ മുറുകുന്ന കാള ഫോൺ മെമ്മറിയിൽ.... ഒരു കമ്മ്യൂണിസ്റ്റുകാരി തോൽക്കാൻ പാടില്ല....

പെട്ടെന്ന്.... വളരെ പെട്ടെന്ന്.... യുറേക്കാ.... അതാവൃതമാക്കപ്പെടാത്ത ചൂടൻ ഞാനും കുടുംബവും അടുത്തയാഴ്ച മുംബൈക്ക് വരുന്നു. ഇന്നലെ നിന്റെ നമ്പർ കിട്ടിയപ്പോഴേ തീരുമാനിച്ചതാണ്.... രാധാകൃഷ്ണൻ... കോളേജ് ഓഫ് എഞ്ചിനീയറിങ്ങ്..... 1988 ബാച്ച്.... തൃശൂർ....

അനേകം സംവത്സരങ്ങൾ വലിയൊരു ലാവാപ്രവാഹമായി തന്നിലേയ്ക്കൊഴുകുന്നു.... താൻ ഉരുകുകയാണോ? ആൻസി വിയർത്തു..

ജനൽ കർട്ടനുകൾ വകഞ്ഞുമാറ്റിക്കൊണ്ട് കൈകൾ നീട്ടി അവളെ തഴുകി... രോമകൂപങ്ങൾ എഴുന്നേൽക്കുന്നു... എവിടെയോ ഗദ്ഗദങ്ങളോടെ പുതുനാമ്പുകൾ മുളപൊട്ടുന്നു.

“എന്നെ പറ്റിച്ചല്ലേ”? അവൾ തേങ്ങി.

“ഞാൻ നിന്നെ സ്നേഹത്തിന്റെ പൂക്കൾ വിരിയുന്ന താഴ്‌വരകളിൽ കൊണ്ടുപോകാം” – അവൻ മന്ത്രിച്ചു.

മുളപൊട്ടിയ നാമ്പുകൾ കാണെക്കാണെ വന്മരങ്ങളായി വളർന്ന്..... പ്രാവുകൾ അതിൽ കൂടുകൂട്ടാൻ തുടങ്ങി.

“ഞാൻ”

മറുപടി അവന്റെ ഇരമ്പലിൽ അലിഞ്ഞുപോയി. വരിവരിയായി നിൽക്കുന്ന വന്മരങ്ങൾ..... അതിലൊന്നിന്റെ തുഞ്ചത്ത് പ്രവാചകന്റെ നീണ്ട മുഖം.... “പെറ്റമ്മ മറന്നാലും ഞാൻ മറക്കില്ല”. എന്നു ഞാൻ പാടിയത് നീ മറന്നോ? നരച്ച താടി തടവിക്കൊണ്ട് അദ്ദേഹം നേരെ ആകാശത്തേക്ക് നടന്നകന്നു.

ചെടികൾക്ക് വെള്ളമൊഴിച്ചുകൊണ്ട് രണ്ടുപേർ അവൾക്കെതിരെ ചിരിച്ചുകൊണ്ട് നടന്നു പോയി. ചാക്കോസാറിന്റെ കഥകളിലെ ചില ശ്ലീഹന്മാരുടെ മുഖഛായയുണ്ടോ?

അവൾ ഒന്നും മനസ്സിലാകാതെ കണ്ണുമിഴിച്ച് ആകാശത്തേക്കു നോക്കി.....

താഴ്‌വരയിലെ ആകാശത്തിന് ഈശോയുടെ മുഖഛായ. ഹോ....

“ഇതു ഞാൻ തന്നെ”.

ആകാശവീണകൾ സ്നേഹസംഗീതം മീട്ടാൻ തുടങ്ങി. മുളങ്കാടുകൾ അതേറ്റുപാടി.....

വിശ്വാസത്തണലിൽ....

തരളവും മധുരവും അവ്യഖ്യായവും അന്തർസ്പർശിയുമായ വിശ്വാസത്തണലിൽ അവൾ പാറിപ്പറന്നു... ഒപ്പം കാറ്റും.

**Xavier K.P.**
**Mahim**

**First prize,
Lantern Short Story Writing Competition**

# അമ്മ

കുഞ്ഞിളം കൈകളിൽ കുഞ്ഞുമണി കൊന്ത കൂട്ടിപിടിപ്പിച്ചതമ്മ, എന്റെ
കുഞ്ഞിളം മാറിലീ കുർബാനപുസ്തകം, കൂട്ടിനായ് ത്തന്നതും അമ്മ
എല്ലാ ദിനത്തിലും നന്നേ വെളുപ്പിന് എന്നേ വിളിക്കുമെന്നമ്മ പിന്നെ...
ഉമ്മ കൊണ്ടെന്നെയുണർത്തിയിട്ടെൻ കാതിൽ ചൊല്ലിത്തരുന്നോരു കാര്യം
ഉണ്ണി ഉറങ്ങല്ലെ ഉണ്ണിശോ തന്നെയെ പള്ളിയിലുള്ളേണ്ടതോർക്കു
പള്ളിയുറക്കം കഴിഞ്ഞവനുണരുമ്പോളുണ്ണിയുണ്ടാവേണ്ടേ മുൻപിൽ
കേട്ടാക്ഷണത്തിൽ ഞാൻ ശീഘ്രം കുതിച്ചെന്നു മെത്തുന്നു അൾത്താരമുമ്പിൽ
അപ്പോ അമ്മ തൻ മടിയിൽ നിന്നവനെന്നോടാരായും കള്ളാ വൈകിലേതെന്തേ?
വൃർദ്ധപുരോഹിതൻ വിറയാർന്ന കൈകളാൽ ഈശോയെ നാവിൽ തരുമ്പോൾ
അമ്മ തന്നോർമ്മപ്പെടുത്തെലെൻന്നോർമ്മയിൽ പൂത്തുലഞ്ഞിങ്ങനെനിൽപ്പൂ
ഉണ്ണി നിൻ പല്ലുകൾ കൊള്ളാതെ നോക്കണേ കൊണ്ടാലെന്റീശോയ്ക്കു നോവും
ഇടയനായ് അരമനയധിപനാണിന്നു ഞാൻ, പക്ഷേ അമ്മയെനിക്കേറെ മുമ്പേ.
കുളിരുള്ള രാത്രിയിൽ വിറകൊണ്ട ദേഹത്തെ മൂടി പുതപ്പിക്കും അമ്മ
നിദ്രയ്ക്കിടയ്ക്കെങ്ങോ തുള്ളുന്നവനിവന്നെൻ മിഴികൾ തുറപ്പിക്കും നേരം
കരങ്ങൾ വിരിച്ചു പിടിച്ചെന്റെ പൊന്നമ്മ മുട്ടിൻമേൽ നിൽപുണ്ടെൻ കാൽക്കൽ
വാനോളമുയരുന്ന അമ്മതൻ കൈകളിൽ ഓടുന്ന കൊന്തകുരുക്കൾ
സന്ധ്യാമണിക്കൊപ്പം ഒന്നിച്ചു പ്രാർത്ഥിക്കുവാൻ ശാഠ്യം പിടിക്കുമെന്നമ്മ
അപ്പനും മക്കളും ഒന്നിച്ചു ചൊല്ലണം അമ്മതൻ പ്രാർത്ഥനയ്ക്കൊപ്പം
ആദ്യവെള്ളിയാഴ്ചയിൽ കടമുള്ള ദിവസത്തിൽ ഉപവാസം നോക്കുമെന്നമ്മ
നോമ്പുകാലത്തെന്നും ഒരു നേരം നോക്കുന്ന മക്കൾ നൽ ഭാവിയ്ക്കായ് എന്നും
കുഞ്ഞിളം തെറ്റിനും മാതാവിൻ മുമ്പിലായ് മാപ്പിരക്കാനോതും അമ്മ
മക്കൾക്ക് നേർ വഴി കാട്ടി കൊടുക്കേണ മാതാവിനോടവൾ കേഴും
ഓശാനഞായറിൽ കുരുത്തോലകൊണ്ടു ഞാൻ കുരിശുചമയ്ക്കുന്ന നേരം
എൻ തുടനുള്ളിപ്പറിച്ചടിച്ചെന്നോടായ് വെഞ്ചിരിച്ചോലയാ ചെക്കാ
അപ്പം മുറിയ്ക്കാനായ് പാലുകാച്ചാനെത്തും വല്ല്യപ്പനോടവൾ ചൊല്ലും
അപ്പാ കുളിച്ചുവാ ശുദ്ധികരിച്ചുവാ പെസഹാ വിശുദ്ധിതന്നോർമ്മ
ആജ്ഞയാണെന്റെമ്മ സഹനമാണെന്റെമ്മ വിശ്വാസമേ നിൻ പ്രതീകം
വിശ്വാസനിറവുള്ളെൻ്റെമ്മതൻ ചെയ്തികൾ കുട്ടാണെന്നിക്കെന്നും മിന്നും
കാണാത്ത സത്യങ്ങൾ കണ്ടുബോദ്ധ്യപ്പെടാൻ കാക്കില്ലെന്റെമ്മയുള്ളപ്പോൾ
പ്രത്യാശവെച്ചിട്ടുറപ്പിനായ് നിൽക്കില്ല അമ്മതൻ കൊന്തയുള്ളപ്പോൾ.

**Saji Mathew Kunnel**
**Dehu Road,Pune**

**First prize,**
**Lantern Poem Writing Competition**

# വെള്ളത്തിന്റെ പ്രതീകാത്മകത

**മാർ തോമസ് ഇലവനാൽ**
കല്യാൺ രൂപതയുടെ മെത്രാൻ

വീഞ്ഞിൽ വെള്ളം ചേർക്കുന്നതിന് പല പ്രതീകാത്മക അർത്ഥങ്ങളാണുള്ളത്. ലത്തീൻ ആരാധനക്രമമനുസരിച്ച് വീഞ്ഞും വെള്ളവും കർത്താവിന്റെ ദൈവത്വത്തേയും മനുഷത്വത്തേയും സൂചിപ്പിക്കുന്നു എന്ന്, പുരോഹിതൻ ചൊല്ലുന്നപ്രാർത്ഥന വ്യക്തമാക്കുന്നു.

വീഞ്ഞിൽ വെള്ളം ഒഴിക്കുമ്പോൾ, പടയാളികളിൽ ഒരുവൻ നമ്മുടെ കർത്താവിന്റെ തിരുവിലാവിൽ കുന്തം കൊണ്ടു കുത്തി, ഉടനെ അതിൽ നിന്ന് രക്തവും വെള്ളവും പുറപ്പെട്ടു (യോഹ. 19:34–35) എന്ന പ്രാർത്ഥനയാണ് നമ്മുടെ കുർബാനയിൽ പുരോഹിതൻ ചൊല്ലുന്നത്.

വി. യോഹന്നാന്റെ സുവിശേഷത്തിൽ വെള്ളം പ. ആത്മാവിനെയാണ് സൂചിപ്പിക്കുന്നത്. (യോഹ. 7:38–39) മരുഭൂമിയിൽ വച്ച് മോശ പാറമേൽ അടിച്ചപ്പോൾ ജലം ഒഴുകിയതുപോലെ (സംഖ്യ. 20:11) ഈശോയുടെ പാർശ്വം പിളർക്കപ്പെട്ടപ്പോൾ പ. ആത്മാവിന്റെ പ്രതീകമായ ജലം ഒഴുകി. (യോഹ. 19:38–35) വീഞ്ഞിൽ വെള്ളം ചേർക്കുന്നത് ബലിവസ്തുക്കളിൽ പ. ആത്മാവിന്റെ സാന്നിദ്ധ്യത്തേയും പ്രവർത്തനത്തേയും സൂചിപ്പിക്കുന്നു.

കർത്താവിന്റെ ഹൃദയത്തിൽ നിന്നാണ് സഭ പുറപ്പെടുന്നതെന്ന കാഴ്ചപ്പാടാണ് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നത്. ഹൃദയത്തിൽ നിന്നൊഴുകിയ ജലവും രക്തവും മാമ്മോദീസായേയും വി. കുർബാനയേയും സൂചിപ്പിയ്ക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനാക്രമത്തെ സംബന്ധിച്ച ഡ്രിക്രിയിൽ പറയുന്നു, : ക്രിസ്തുവിന്റെ കുരിശിലെ മരണനിദ്രയിലാണല്ലോ അവിടുത്തെ തിരുവിലാവിൽ നിന്നും സാർവ്വത്രികസഭയാകുന്ന അതിമഹത്തായ കൂദാശ ജന്മമെടുത്തത് (നമ്പർ 5). മിശിഹായും സഭയും തമ്മിലുള്ള ബന്ധത്തെയാണ് വെള്ളവും വീഞ്ഞും സൂചിപ്പിക്കുന്നതെന്നും സഭാപിതാവായ സിപ്രിയാൻ വ്യാഖ്യാനിക്കുന്നുണ്ട്. വീഞ്ഞ് മിശിഹായേയും വെള്ളം സഭയേയും പ്രതിനിധാനം ചെയ്യുന്നു. വെള്ളം വീഞ്ഞിൽ ലയിച്ച് അതിന്റെ ഗുണങ്ങൾ സ്വീകരിക്കയും പിന്നീട് മിശിഹായുടെ രക്തമായി മാറുകയും ചെയ്യുന്നതുപോലെ സഭാംഗങ്ങൾ തങ്ങളെത്തന്നെ ബലിയിലൂടെ സമർപ്പിക്കുമ്പോൾ അവിടുത്തോട് ഏകശരീരമായിത്തീരുന്നു എന്ന് സൂചിപ്പിക്കുന്നു. നമ്മൾ ദൈവികസ്വഭാവത്തിൽ പങ്കുകാരായിത്തീരുന്നു എന്ന് വി. പത്രോസ് അനുസ്മരിപ്പിക്കുന്നു. (2 പത്രോ. 1:4). വി. കുർബാനയിൽ മിശിഹായോടൊപ്പം നമ്മളും ബലിവസ്തുക്കളാകണമെന്ന്. വി. ലിഖിതം അനുസ്മരിപ്പിക്കുന്നു. നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജ്ജീവബലിയായി സമർപ്പിക്കുവിൻ. (റോമ. 12:1)

വി. കുർബാനയിൽ പങ്കെടുക്കുമ്പോൾ ദിവ്യബലിവസ്തുക്കളോടൊപ്പം തങ്ങളെത്തന്നേയും ദൈവത്തിനു സമർപ്പിക്കണം എന്ന് തിരുസ്സഭയെപ്പറ്റിയുള്ള പ്രമാണരേഖയിൽ പ്പറയുന്നു. (നമ്പർ 11) വി. കുർബാനയിൽ പിതാവായ ദൈവത്തിനർപ്പിക്കപ്പെടുന്ന ബലിവസ്തുക്കളോടൊപ്പം തങ്ങളുടെ ജീവിതങ്ങളെയും സമർപ്പിക്കുവാൻ വിശ്വാസികളെ പഠിപ്പിക്കണമെന്ന് സഭ ഓർമ്മിപ്പിക്കുന്നു. (വൈദികർ 5) വിശ്വാസികൾ മിശിഹായോടൊപ്പം സമർപ്പകരും സമർപ്പിതരുമാണെന്നസത്യം ഓർത്തിരിക്കേണ്ടതാണ്. ബലിവസ്തുക്കളുടെ സമർപ്പണം നമ്മുടെ ജീവിതസമർപ്പണത്തിന്റേയും പ്രതീകമാണ്. തന്മൂലം വി. കുർബാനയിൽ നാം നമ്മെത്തന്നെയും സമർപ്പിക്കുകയാണ്. അതുകൊണ്ട് നാം അൾത്താരയിലർപ്പിക്കുന്ന അപ്പവും വീഞ്ഞും കർത്താവിന്റെ തിരുശരീരരക്തങ്ങളുടെ പ്രതീകമെന്നപോലെതന്നെ ദൈവജനത്തിന്റെ അദ്ധ്വാനത്തിന്റേയും ക്ളേശങ്ങളുടെയും ജീവിതം മുഴുവന്റേയും പ്രതീകങ്ങളുമാണ്. അവ കർത്താവിന്റെ ശരീരരക്തങ്ങളായിത്തീരുമ്പോൾ അർപ്പകന്റെ ജീവിതവും പവിത്രീകരിക്കപ്പെടുന്നു.

* * * * *

The drops of water mixed with the wine in the chalice is given several symbolic meanings. According to Latin Liturgy the wine and water signifies the divine and human nature of Christ as expressed through the prayer of the Priest.

In our Qurbana as wine is poured into the chalice the priest recites: “One of the soldiers pierced the side of our Lord with a spear. Immediately there



# Symbolism of water mixed with the wine

came out blood and water" (Jn. 19:34-35)

In the Gospel of St. John water is the symbol of Holy Spirit (Jn. 7:38-39). As Moses struck the rock in the wilderness there came out water (Num. 20:11) So too, as the side of our Lord was pierced there came out water which is the symbol of Holy Spirit (Jn. 19:34-35). So the water mixed in the wine represents the presence and action of the Holy Spirit in the Eucharist.

The fathers of the Church teach us that the Church proceeds from the pierced side of Christ. The decree on Liturgy of the Second Vatican Council says "For it was from the side of Christ as He slept



the sleep of death upon the cross that there came forth the wonderous sacrament of the whole Church" (SC. 5). The water and the blood that came out of Jesus' heart represents the sacrament of Baptism and the Eucharist. According to St. Cyprian the father of the Church, the mixing of water and wine shows the relation of Christ and the Church. Wine represents Christ and water represents the Church. Just as the water gets mixed with the wine and then becomes the blood of Christ so the members of the Church as they offer themselves up in and through Christ, get united to Christ in His body. As St. Peter reminds us "By means of these gifts ... you may come to share the divine nature" (2 Pet. 1:4).

St. Paul reminds us that together with Christ we too should become offerings pleasing to God "I appeal to you offer yourselves as a living sacrifice to God... This is the true worship that you should offer" (Rom. 12:1).

The decree of II Vatican Council on the Church teaches us that together with the bread and wine we should offer up ourselves to God in the Holy Qurband (No. II). Again the Church exhorts, that the faithful should be taught to offer themselves up to God in the Holy sacrifice of the altar (P.O. 5) All the members of the Church should remember that together with Christ they are offerers and oblations in the Eucharistic celebration. The presentation of bread and wine on the altar represents also our self offering on the altar. So the bread and wine on the altar represents the body and blood of Christ as well as the lives of each one of us, together with the trails, difficulties, sufferings and sorrows of our lives. As the bread and wine become the body and blood of Christ the whole life of the offerer too get transformed and sanctified in Christ.

# THE ORIGIN OF THE NICENE CREED

Narrator: Year 2013 was celebrated as the Year of Faith by the Universal Catholic Church. Since ages, every day, we Catholics, profess our faith by reciting the Nicene Creed, or our very own Vishwaasa Pramaanam. **We are going to enact before you a brief history of the origin of the Nicene Creed.**

## SCENE 1

*(Emperor Diocletian walks on the stage with two soldiers.)*

*Narrator*: 3 centuries had passed since the life of Jesus Christ. The Church came to be known as "a Church of Martyrs" due to the persecutions that Christians suffered all along. Diocletian was the Roman Emperor in year 300. He ordered persecution of all Christians.

**Martyrs 1 & 2** – Our Father in Heaven, Holy be Your name. *(Soldiers whip Martyrs 1 & 2.)*

**Martyrs 3 & 4** – Our Father in Heaven, Your kingdom comes on earth. *(Soldiers whip Martyrs 3 & 4.)*

**Soldiers** – Give up your faith or we will kill you.

**Martyrs 1,2,3,4** – We will die, but not give up our faith. *(... 2 times) (Soldiers whip all Martyrs.)*

**Martyr 5 & 6** - Our father in heaven, forgive us our sins. *(Soldiers whip and tie Martyrs 5 & 6.)*

**Martyr 7 & 8** - Our father in heaven, deliver us from evil. *(Soldiers whip and tie Martyrs 7 & 8.)*

**Soldier** – Give up your faith or I will kill you.

**All Martyrs** – We will die, but not give up our faith. *(... 3 times) (Soldiers whip all Martyrs.)*

*(Emperor Diocletian walks around once, laughs, and then goes out of the stage with the soldiers, after that all martyrs too leave the stage.)*

## SCENE 2

*(Emperor Constantine walks on the stage with two soldiers.)*

*Narrator*: After the times of Diocletian, Constantine ascended the throne. Being a supporter of Christianity, Emperor Constantine abolished persecution and allowed practice of Christianity through the Edict of Milan that was proclaimed in AD 313

*.(8 Bishops enter and stand on both sides of the stage.)*

**Emperor** - We grant to believers in Christ the right of open and free observance of their worship. We do this for the sake of peace of our times, that each one may be free to worship as he or she likes.

*(All Bishops clap.)*

*Narrator*: The religious leaders were happy but soon there were debates on different versions



of heresy that confused the religious people. There was a need for one unified approach.

*(All Bishops discuss with each other.)*

**Emperor** – Bishops and leaders of the Church, let us decide on one way to profess our faith. To attain a consensus on our faith, I hereby call an Ecumenical Council at Nicaea and invite all bishops and religious leaders to join it.

*Narrator*: With the order of the Emperor, 318 bishops and many other priests and deacons gathered in the city of Nicaea for the first Ecumenical Council in AD 325. St Sylvester I was the Pope during that time. The bishops present included Hosius, Alexander, Nicholas, Eusebius, Eustathius, Athanasius, John who was the Bishop of India, and the rebel Arius.

*(Each Bishop raises his hand when his name is called by the Narrator.
The two soldiers stand in front on both sides of the stage carrying placards of 'Council of Nicaea - AD 325'.)*

**Hosius** – Our faith originates from the faith of our forefathers, the Israelites. Yahweh revealed himself to Abraham and Moses as the one, true God. Moses taught us that the Lord alone is our true God.

**Athanasius** - This is our foremost faith. Let us include it in the Creed.

*(All Bishops stretch their hands for the pledge.)*

***All - We believe in one God, the Father Almighty***

*(Action Song - Sarvashaktha thaathanaam... 2 lines)*

**Eusebius** – People say that God the Father created the spirit world. Then an evil god created the evil world.

**John** – What a nonsense! Anyone here thinks that an evil god created the evil world?

**All** – No ... No...

**Nicholas** – God created all that is visible and invisible, both in heaven and on earth. People in times to come should believe in one God alone.

**Athanasius** – Yes. Let us include this in the Creed.

*(All Bishops stretch their hands for the pledge.)*

***All - We believe in one God, the Father Almighty, maker of all things visible and invisible,both in heaven and on earth.***

*(Action Song - Drishyalokamenna pol... 4 lines)*

*Narrator*: The Council then discussed the nature of the Son of God and his relationship to God the Father.

*(All Bishops discuss with each other.)*

**Arius** – God the father is the God and He created Jesus. Jesus is therefore less God.

**John** – What a nonsense! Anyone here thinks Jesus is less God?

**All** – No... No...

**Nicholas** – Jesus is the only begotten son of God and is the true God.

**John** – The Father, the Son and the Holy Spirit are one God.

**Hosius** – The Son is of the same substance as the Father.

**Alexander** – God from God and Light from Light. The Father and the Son are one as the sight of two eyes is one.

**Athanasius** – Let us include this in the Creed.

*(All Bishops stretch their hands for the pledge.)*

***All - We believe in one Lord Jesus Christ, the only begotten Son of God, light of light, very God of very God, begotten, not made, being of one substance with the Father.***

*(Action Song - Sarvasrishti jaalavum.... 4 lines)*

**Eustathius**– Virgin Mary, conceived by the power of the Holy Spirit, gave birth to Jesus. Thus, the Word was made flesh and dwelt among us.

**Eusebius** - What was the greatest work of the Holy Spirit? I think it was Jesus' conception.

**Hosius** - The generations should remember that it was for our salvation, God came down, incarnating as man.

**Athanasius** - Yes.. Yes.. Let us include all these in the Creed.

***(To be continued.)***

It is believed that, under the inspiration of the Holy Spirit, each of the 12 Apostles contributed an article of the Apostles' Creed. What are these **12 Articles of Faith** proclaimed in the Apostles' Creed?

Mail your answers to lanternkidsroom@gmail.com before **15th December, 2014**.

Names of the lucky winners will be published in the next issue of the Lantern.

## Lucky winners of the last month's Saints Puzzle:

1. Angelo John (Sakinaka)
2. Charlotte Sebi (Ulhasnagar)
3. Frincy Francis (Kandivali)
4. Jeeva Varghese (Vartak Nagar)
5. Joel Chacko (Bhandup)
6. Josna George (Akurdi)
7. Melviya Sunny (Bhayandar)
8. Shawn Shaji (Andheri)



# Kalyan Eparchy Youth



## Diocesan Youth Retreat

Kalyan Eparchy Youth organised a Diocesan Youth Retreat from 3rd – 5th October, 2014 at Tabor Bhavan, led by Rev. Fr. Francis Karthanam & team(Tabor). Around 350 youngsters all over the diocese attended the retreat.






## Western Region Youth Convention - 2014

The Western Region Youth Convention - 2014 : Hosted by Eparchy of Kalyan was held from 31st October to 2nd November, 2014 at the Animation & Renewal Centre, Panvel. The Western Region comprises of 15 Catholic Dioceses across the states of Goa, Gujarat & Maharashtra. The event was graced by the presence of 3 bishops - Most Rev. Alwyn F. Barreto (WRYC Chairman & Bishop of Sindhudurg), Most Rev. John Rodrigues( Auxiliary Bishop of Bombay), Most Rev.Lourdes Daniel (Bishop of Nashik), Msgr. Jacob Porathur (Vicar General of Kalyan Diocese) & Rev. Fr. Rajesh Mathew (WRYC Director & NEXCO Member). Also present were 12 priests from various dioceses, 4 Animators and 150 Delegates.








## Talentia

The annual cultural fest of Kalyan Eparchy Youth - Talentia was held on 23rd October, 2014 at St. Thomas Cathedral Hall, Kalyan (W). From thought provoking musical skits to fierce debates, this year Talentia had it all. Break Thru - the dance competition saw some incredible performances as around 27 teams fought it out for the championship.

# Pithruvedi

**Keep Calm and Smash hard**

Diocesan Pithruvedi, with its full energy and enthusiasm, conducted the Badminton Tournament Doubles on 2nd November, 2014. The tournament was held at Goregoan Sports Club, Malad West. There were 55 teams from various parishes.

**Category A – Below 40 years of age**

I Prize : A trophy and cash prize of Rs. 5,000 was awarded to St Thomas Church, Dapodi
II Prize : A trophy and cash prize of Rs. 3,000 was awarded to St. Sebastian's Church, Kalamboli
III Prize : A trophy and cash prize of Rs. 2,000 was awarded to St. Mary's Church, CBD Belapur.

**Category B – from 40 years to below 55 years of age**

I Prize : A trophy and cash prize of Rs. 5,000 was awarded to St. Sebastian's Church, Kalamboli
II Prize : A trophy and cash prize of Rs. 3,000 was awarded to Amala Matha Church, Mulund
III Prize : A trophy and cash prize of Rs. 2,000 was awarded to St. Alphonsa's Church, Vasai (W).

**Category C – Age 55 years & Above**

I Prize : A trophy and cash prize of Rs. 5,000 was awarded to St. Thomas Church, Kalyan (W)
II Prize : A trophy and cash prize of Rs. 3,000 was awarded to St. Alphonsa Parish, Mankhurd
III Prize : A trophy and cash prize of Rs. 2,000 was awarded to Immaculate Conception Church, Dombivli.

## Essence of Attraction upcoming:

Ecumenical Carol singing competition:

Pithruvedi is conducting an Ecumenical Carol Singing Competition to build a stronger friendship bond and to have a better cooperation among the ecumenical churches in Mumbai on December 14, 2014 at Immaculate Conception Church, Dawdi Village, Near Regency Estate, off. Kalyan-Shill Road / Venkatesh HP Petrol Pump, Dombivli East, Thane 421201.

To register teams please contact the Chairman of the co-ordination committee Mr. P.J. Joseph (97683 77845) or Vice-Chairman Mr. Pathrose Pangola (98696 21206).

For any further information kindly do visit Pithruvedi's Facebook account

(http://www.facebook.com/pithruvedi).

# Mathrusangam

**Navjeevan Rally**

(To spread the message of Organ Donation)

Venue : From St. Augustine's School Nerul (E) to Presentation Convent School Ground, Nerul (E).

2 pm : Rally Flag off

**- by His Excellency Mar Thomas Elavanal**

3.45 pm : Public Meeting

As the days are getting closer for the mega event - the 19th Annual Day Celebration of KMS and Navjeevan Rally on 7th December 2014 - requesting all mothers to attend the event in large numbers. This is a Rally specially organised by Kalyan Mathrusangam for mothers to mark our achievement of Organ Donation Drive which was entrusted with KMS by the diocese. All Zonal presidents are requested to follow the instructions provided and bring maximum number of mothers from your respective Zones. Please Assemble at St. Augustine School Ground. Nerul(East) by 1.30pm so that we begin the rally in time. Requesting your whole-hearted co-operation to make Navjeevan Rally a grand success.

**Fr. Biju Kollamkunnel**
***Director***











GodsOwnChoice.com
BROWSE FOR YOUR LIFE PARTNER

